**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1102** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിന്റെ വർക്കല മണ്ഡലത്തിലെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെയും ചുമതലയിൽ ഏതെല്ലാം വികസന പദ്ധതികൾക്കാണ് അനുമതി നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | **1 .** വർക്കല ഗവൺമെന്റ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വർധിപ്പിക്കുന്ന 32.62 ലക്ഷം രൂപയുടെ പ്രവർത്തങ്ങൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടന്നു വരുന്നു.<br><br>**2.** ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോട് കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ , സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പ പദ്ധതി പലിശരഹിത വായ്പയായി 2018 – 19 വർഷം മുതൽ നടപ്പിലാക്കി വരുന്നു.<br><br>വർക്കല മണ്ഡലത്തിൽ മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ മത്സ്യബന്ധന ഉപകരണ വായ്പയിനത്തിൽ 29.75 ലക്ഷം രൂപ നാളിതുവരെ വിതരണം ചെയ്തു.<br><br>**3.** ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോട് കൂടിയുള്ള വായ്പാ പദ്ധതികൾ<br><br>**(എ) മൈക്രോഫിനാൻസ് വായ്പ** |

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി യുടേയും എൻ.എം.ഡി.എഫ്.സി യുടേയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്ത് വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശ നിരക്കിൽ രണ്ട് വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു. ഈ മണ്ഡലത്തിൽ മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ നാളിതുവരെ 22.95 ലക്ഷം രൂപ വിതരണം ചെയ്തു.

**(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി**

ഈ പദ്ധതി വഴി മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധഘട്ടങ്ങളിലായി വിതരണം ചെയ്ത് വരുന്നു. ആദ്യ വായ്പ പതിനായിരം രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി ഇരുപതിനായിരം രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശരഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

വർക്കല മണ്ഡലത്തിൽ മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പയിനത്തിൽ 5.80 ലക്ഷം രൂപ നാളിതുവരെ വിതരണം ചെയ്തു.

**4.** നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി യിൽ താഴെയുള്ള ഔട്ട്ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം എഞ്ചിന്റെ വിലയുടെ 20 ശതമാനം പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകിവരുന്നു.

വർക്കല മണ്ഡലത്തിൽ മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പയിനത്തിൽ

| | | | |
|---|---|---|---|
| | | | നാളിതുവരെ 10,000/- രൂപ വിതരണം ചെയ്തു. കൂടാതെ വർക്കല മുനിസിപ്പാലിറ്റിയിൽ മത്സ്യഫെഡ് ഫിഷ് മാർട്ട് നിർമ്മിക്കുന്നതിനായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**5.** കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>**6.** വർക്കല ഓടയം ചെമ്മീൻ ഹാച്ചറിയെ എസ്.പി.എഫ്. സ്റ്റാറ്റസിലേക്ക് ഉയർത്തുന്നതിനായുള്ള "Upgradation of Odayam Shrimp Hatchery to SPF Status" എന്ന പദ്ധതിക്ക് 99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുകയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

<u>മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ</u>

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷ ത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഓടയം ഫിഷ് ഹാച്ചറി വികസനം | 180.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | വർക്കല ഗവ. ആശുപത്രി – പുതിയ ഐ.പി ബ്ലോക്ക് പാലിയേറ്റീവ് ബ്ലോക്ക് നിർമ്മാണം. | 138.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | റാത്തിക്കൽ ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മാണം | 756.34 | സാങ്കേതിക കാരണങ്ങളാൽ പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞില്ല. |
| 4 | കിഫ്ബി – ജി എൻ പി എസ് വർക്കല – പുതിയ കെട്ടിടം | 173.00 | പദ്ധതി പുന ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |
| 5 | കിഫ്ബി പുത്തൻച്ചന്ത മത്സ്യ മാർക്കറ്റ് | 215.00 | പദ്ധതി പുരോഗമിക്കുന്നു |
| 6 | കിഫ്ബി പുന്നമൂട് മത്സ്യ മാർക്കറ്റ് | 378.00 | Railway NOC ലഭ്യമാകുവാൻ കാലതാമസം വന്നതിനാൽ കിഫ്ബി പദ്ധതി ഉപേക്ഷിച്ചു |
| 7 | ഓരുജല മത്സ്യ വിത്തുല്പാദന ഹാച്ചറി, ഓടയം | 900.00 | 2017 ൽ ഭരണാനുമതി ലഭിച്ചുവെങ്കിലും CRZ clearance ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. |